## പതിനാലാം കേരള നിയമസഭ

### പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 4185** **25-6-2018 – ൽ മറുപടിയ്ക്ക്**

### കുപ്പിവെള്ളത്തിന്റെ വില

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. ഐ.സി.ബാലകൃഷ്ണൻ** | **ശ്രീ. പി. തിലോത്തമൻ**<br>**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പമന്ത്രി)** |
| (എ) സംസ്ഥാനത്ത് ഒരു ലിറ്റർ കുപ്പിവെള്ളം 2018 ഏപ്രിൽ 1 മുതൽ 12 രൂപയ്ക്ക് വിൽക്കുന്നതിന് കുടിവെള്ള നിർമ്മാണ കമ്പനികളുടെ അസോസിയേഷൻ തീരുമാനം എടുത്തിരുന്നോ;<br>(ബി) എങ്കിൽ പ്രസ്തുത തീരുമാനം നടപ്പിൽ വരുത്താതിരുന്നതിനുള്ള സാഹചര്യം എന്തായിരുന്നു; | (എ) & (ബി) കേരള കുപ്പിവെള്ള നിർമ്മാണ അസോസിയേഷൻ സർക്കാരിന് നൽകിയ ഒരു നിവേദനത്തിൽ കുപ്പിവെള്ളം ഒരു ലിറ്ററിന് 20 രൂപയിൽ നിന്ന് 12 രൂപയായി കറച്ച് വിൽക്കുവാൻ തയ്യാറാണെന്ന് സൂചിപ്പിച്ചിരുന്നു. എന്നാൽ വൻകിട കുപ്പിവെള്ള കമ്പനികളുടേയും വ്യവസായി സമൂഹത്തിന്റേയും എതിർപ്പുമൂലം ഈ നിർദ്ദേശം നടപ്പിൽ വരുത്താൻ സാധിക്കാതെ വരുന്നതായും അറിയിച്ചിരുന്നു. |
| (സി) കുപ്പിവെള്ളത്തിന്റെ വില നിയമം മൂലം നിയന്ത്രിക്കുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ; എത്ര രൂപയായി നിജപ്പെടുത്തുവാനാണ് തീരുമാനം എടുത്തിട്ടുള്ളത്; അതിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്? | (സി) കുപ്പിവെള്ള വില നിയന്ത്രിക്കുന്നതിനായി സംസ്ഥാനത്ത് കുപ്പിവെള്ളത്തെ അവശ്യവസ്തുവായി പ്രഖ്യാപിച്ച് വിജ്ഞാപനം ഇറക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. |

സെക്ഷൻ ഓഫീസർ